Sisters of the Destitute St Joseph Province, Changanacherry

# SD CARE - NEWS & VIEWS

SOCIAL APOSTOLATE - CO-ORDINATING CENTER

Ashakendra, Social Welfare Center, Kudamaloor P. O., Kottayam, PH: 9497099240

July, 2024 | Volume 10 | Co-Ordination Center Bulletin



## സന്ദേശം



ഒരുവന് തന്റെ സഹജീവികളോട് കാട്ടാനാകുന്ന സ്നേഹത്തിന്റെ ഏറ്റവും വിശുദ്ധമായ ഭാവമാണ് കാരുണ്യം. അപരനെ താൻ എന്നാൽ എന്ന വണ്ണം കരുതാനുള്ള ഒരുവന്റെ ശേഷിയാണത്. അപരൻ എന്നാൽ 'മറ്റൊരു ഞാൻ' എന്ന് ചിന്തിക്കുന്നിടത്താണ് കാരുണ്യം അതിന്റെ ചിറകുകൾ വിടർത്തി വിശാലമായ ആകാശവിധാനത്തിൽ ഉയർന്നു പറക്കുന്നത്. ക്രിസ്തുവിന്റെ കരുണാർദ്രസ്നേഹത്തിന്റെ പ്രതിബിംബമാകുന്ന അഗതിസഹോദരി കാരുണ്യത്തിന്റെ അമ്മയാണ്.... സഹോദരിയാണ്.... സ്നേഹിതയാണ്.....അവൾ സഞ്ചരിക്കേണ്ടത് കാരുണ്യത്തിന്റെ സുവർണ്ണ പാതയിലൂടെയാണ്.

പുത്തൻ സമൂഹനിർമിതിയിലൂടെ പുതുഉണർവിലേക്കും തീക്ഷ്ണതയിലേക്കും കടന്നുവന്നിരിക്കുന്ന നാം നമ്മുടെ പ്രേക്ഷിതമേഖലയെ ഒന്നു നോക്കിക്കാണുന്ന വേദിയാണല്ലോ എസ്ഡി കെയർ. സ്വയംമറന്നുള്ള ശുശ്രൂഷയുടെയും ആഴമായ സമർപ്പണത്തിന്റെയും പ്രേഷിതതീക്ഷ്ണതയുടെയും നേർക്കാഴ്ചകളാണ് നാം എസ്ഡി കെയറിലൂടെ കണ്ടുമുട്ടുന്നത്. യേശുവിന്റെ ഹൃദയത്തിൽ നിന്നും ഒഴുകിയ കാരുണ്യതുള്ളികൾ, മനുഷ്യന്റെ മുറിവുകളിൽ ദിവ്യസ്നേഹമായ് ചാലിച്ചപ്പോൾ, അത് അവന് താങ്ങും പ്രതീക്ഷയും പകരുന്ന സൗഖ്യലേപനമായി. കാരുണ്യത്തിന്റെ സൗഖ്യസ്പർശമായി അഗതിത്വത്തിന്റെ ഇടങ്ങളിലൂടെയുള്ള യാത്രയിൽ ആണല്ലോ നാം. നന്മ ചെയ്ത് ചുറ്റി സഞ്ചരിച്ച ദിവ്യ നാഥനെപ്പോലെ നമ്മുടെ ഈ യാത്രയും നന്മയുടെ പ്രകാശം പരത്തുന്നതാകട്ടെ.

കൈത്താക്കാലത്തിൽ വിശുദ്ധബലിമധ്യേ നാം പ്രാർത്ഥിക്കുന്നതുപോലെ സഭയോട് ചേർന്ന് ഏകമനസായി പ്രേഷിതശുശ്രൂഷ ചെയ്യുവാൻ നമുക്കും സാധിക്കട്ടെ . ഇതുവരെ ചെയ്യാനായ നന്മകൾ ഉപരിനന്മ ലക്ഷ്യം വയ്ക്കുവാൻ നമുക്ക് പ്രോത്സാഹനം നൽകട്ടെ. പരാജയപ്പെട്ട വേളകൾ ഉണർന്നെഴുന്നേൽപ്പിനും പുത്തൻ ചുവടുവെപ്പിനുമുള്ള പ്രചോദനമാകട്ടെ.

**മദർ ദീപ്തി ജോസ് SD**

പ്രൊവിൻഷ്യൽ സുപ്പീരിയർ

## സന്ദേശം



'യജമാനൻ വരുമ്പോൾ ജോലിയിൽ വ്യാപൃതനായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ' (ലൂക്കാ 12:43). സദാ ജാഗരൂകരായ ഭൃത്യന്മാർ ആയിരിക്കുവാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം നമുക്ക് ഹൃദയങ്ങളിൽ ഏറ്റുവാങ്ങാം. അവന്റെ വയലിൽ വേല ചെയ്യുവാനുള്ള വിളിക്കു സ്നേഹപൂർവ്വം ബോധപൂർവ്വം പ്രത്യുത്തരം നൽകിയവരാണ് നാം ഓരോരുത്തരും. ഇന്ന് നാം വേല ചെയ്യേണ്ട വിളഭൂമിയെകുറിച്ച് നമുക്ക് അവബോധം ഉള്ളവരാകാം. സ്നേഹവും സാഹോദര്യവും കരുണയും വറ്റിവരണ്ട മനുഷ്യമനസ്സുകൾ... പ്രതീക്ഷയുടെ കിരണങ്ങൾ കടന്നുചെല്ലാത്ത പുറമ്പോക്കുകളിലേക്കു വലിച്ചെറിയപ്പെടുന്ന ദരിദ്രജീവിതങ്ങൾ... സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരുമായി മാറുന്ന ഇന്നത്തെ സാമൂഹ്യസ്ഥിതിയിൽ അഗതിത്വത്തിന്റെ നൊമ്പരം പേറുന്നവരിലേക്കു കടന്നുചെല്ലുകയാണ് നമ്മുടെ ദൗത്യം. സ്ഥാപക പിതാവും നമ്മെ നിരന്തരം പ്രചോദിപ്പിക്കുന്നു; "മക്കളെ നിങ്ങളുടെ ഭക്തി പാവങ്ങളോടുള്ള ഭക്തിയായിരിക്കണം". "പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ് അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിന് എത്തുക". (യാക്കോബ് 1 :27) പുതിയ ഉണർവോടെ പുതിയ ചുവടുകൾ വയ്ക്കുവാൻ നാം തയ്യാറാകുമ്പോൾ ആത്മാവിന്റെ പ്രവർത്തനങ്ങൾക്കായി നമ്മെത്തന്നെ വിട്ടുകൊടുക്കാം... ആത്മാവ് അതിനിഷ്ടമുള്ളിടത്തേക്ക് നമ്മെ നയിക്കട്ടെ. എസ്.ഡി മാതാവിന്റെ ശതാബ്ദി ആഘോഷിക്കുവാൻ നാം ഒരുങ്ങുമ്പോൾ പ്രാർത്ഥനയിലൂടെ സാന്നിധ്യത്തിലൂടെ ലോകം മുഴുവനും എത്തിച്ചേരാൻ നമുക്ക് കഴിയണം. സുവിശേഷത്തിന്റെ ആനന്ദവും ആശ്വാസവും നമ്മിലൂടെ ലോകം മുഴുവനും അനുഭവിക്കുവാൻ ഇടയാകണം. അതിനായി നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കണമേ എന്ന് ആത്മാവിനോട് നിരന്തരം പ്രാർത്ഥിക്കാം.

**സി. ജ്യോതിസ് SD**

സോഷ്യൽ അപ്പോസ്തോലേറ്റ് കൗൺസിലർ



ആശംസകൾ

# എഡിറ്റോറിയൽ

ക്രിസ്തുസാക്ഷ്യത്തിന്റെ നൂതന മാർഗങ്ങളിലൂടെ എസ്ഡി തന്റെ യാത്ര തുടരുകയാണ്. അഗതിത്വത്തിന്റെ പുതിയ ഇടങ്ങൾ കാരുണ്യത്തിന്റെ ശുശ്രൂഷയെ ആഴപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. ഈ കാരുണ്യശുശ്രൂഷയ്ക്ക് തടയിടുന്ന നീക്കങ്ങളാണ് ചുറ്റിനും എന്നത് ഒരു യാഥാർഥ്യം തന്നെയാണ്. ജാതിയുടെയും മതത്തിന്റെയും പേരിലുള്ള വിവേചനങ്ങൾ നിലനിന്നിരുന്ന നാടായിരുന്നു ഇത്. എന്നാൽ ജ്ഞാനികളായ ഒരു പറ്റം മനുഷ്യരുടെ പ്രതിരോധത്തിന്റെ ഫലമായി ഈ വേലിക്കെട്ടുകളെല്ലാം പൊളിച്ചുമാറ്റിക്കൊണ്ടു ദൈവത്തിന്റെ സ്വന്തം നാടെന്ന കീർത്തി സ്വന്തമാക്കിയ കേരളം ഇന്ന് വല്ലാതെ മാറിപ്പോയിരിക്കുന്നു. "അറിവ് അഹന്ത ജനിപ്പിക്കുന്നു" എന്ന വചനം അന്വർത്ഥമാക്കുമാറ് അറിവുള്ളവരുടെ എണ്ണം വർധിച്ചപ്പോൾ വർഗീയതയുടെ വിത്തുകൾ മുളപൊട്ടിത്തുടങ്ങി. ക്രിസ്ത്യാനിയായതിന്റെ പേരിൽ അവകാശങ്ങൾ ലംഘിക്കപ്പെടുന്ന സങ്കടകരമായ അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഒരു പ്രത്യേക സമുദായത്തിന് വേണ്ടി പ്രമുഖ രാഷ്ട്രീയപാർട്ടികൾ ഒന്നുചേരുന്നു, എന്തിനു, ഭരിക്കുന്ന സർക്കാർ പോലും അതിനായി നിലകൊള്ളുന്നു എന്നത് അതിദയനീയമാണ്. കാലം അത്ര നല്ലതല്ല എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. പല നിയമങ്ങളും മറ്റു സംവിധാനങ്ങളും ഒരുക്കി കാരുണ്യശുശ്രൂഷകളെ തടസപ്പെടുത്തുക എന്നത് ചിലരുടെ നിഗൂഢ അജണ്ടകളാണ് എന്നത് പകൽ പോലെ വ്യക്തമാണ്. കാലത്തിന്റെ അടയാളങ്ങൾ ശ്രദ്ധിക്കണമെന്ന് ഈശോ തന്നെ നമ്മോടാവശ്യപ്പെട്ടിട്ടുണ്ട്. കാലത്തിന്റെ അടയാളങ്ങൾ കണ്ടു പരിഭ്രമിക്കാതെ നൂതനമായ സുവിശേഷസാക്ഷ്യം നൽകാൻ ....അഗതിത്വത്തിന്റെ പുതിയ മേച്ചിൽപുറങ്ങളിലേക്കു അഭിഷേകത്തോടെ ധീരതയോടെ ചുവട് വയ്ക്കാൻ ഓരോ എസ്ഡി സഹോദരിക്കും സാധിക്കണം. അതാണ് നമ്മെ വ്യത്യസ്തരാക്കേണ്ടത്. ആത്മീയശക്തിയോടെ നമ്മുടെ കർമരംഗങ്ങളിൽ നമുക്ക് വ്യാപാരിക്കാം.സമാധാനത്തിന്റെ ദൈവം ഉടൻതന്നെ പിശാചിനെ നമ്മുടെ കാൽക്കീഴിലാക്കി തകർത്ത് കളയും എന്ന് വിശ്വസിക്കാം. പുതിയ സാരഥികളുടെ ശുശ്രൂഷാതണലിൽ ഈ കാരുണ്യയാത്ര തുടരാൻ ദൈവം തിരുമാനസാകട്ടെ.

**സി.തെരേസ് മാർട്ടിൻ എസ്ഡി**
കോർഡിനേറ്റർ

# ആഗ്നേയ 2024

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് വിവിധ മഠങ്ങൾ കേന്ദ്രീകരിച്ചു വിപുലമായ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. കോർഡിനേറ്റിംഗ് സെന്ററായ ആശാകേന്ദ്ര സോഷ്യൽ വെൽഫെയർ സെന്ററിന്റെ നേതൃത്വത്തിൽ ആഗ്നേയ എന്ന പേരിൽ വനിതാദിനാഘോഷം നടത്തി. മാർച്ച് 9 ശനിയാഴ്ച ആശാകേന്ദ്ര സോഷ്യൽ വെൽഫെയർ സെന്ററിന്റെ ഓഡിറ്റോറിയത്തിൽ വച്ചാണ് പ്രോഗ്രാം നടന്നത്. സെന്ററിന് സമീപമുള്ള സാധാരണക്കാരായ വീട്ടമ്മമാരെയാണ് അന്നേ ദിവസം ഒരുമിച്ചു കൂട്ടിയത്. വളരെ പ്രത്യേകമായി ഹരിതകർമസേനയിൽ അംഗങ്ങളായ സ്ത്രീകളെ അവരുടെ സേവനങ്ങളെ വിലമതിച്ചുകൊണ്ട് ആദരിച്ചു. 65 പേർ ഈ പരിപാടിയിൽ പങ്കെടുത്തു.10 മണിയോടെ പരിപാടി ആരംഭിച്ചു. മുൻ സോഷ്യൽ അപ്പോസ്റ്റലേറ്റ് കൗൺസിലർ സി. അനു റോസ് അധ്യക്ഷത വഹിച്ച യോഗത്തിന് കുടമാളൂർ എസ്ഡി കോൺവെന്റ് സുപ്പീരിയർ സി.ആനീസ് സ്വാഗതം ആശംസിച്ചു. കുടമാളൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയുടെ അസിസ്റ്റന്റ് വികാരി ഫാ. പ്രിൻസ് എതിരേറ്റുകുടിലിൽ അനുഗ്രഹപ്രഭാഷണം നടത്തി. കേരള സിംഗിൾ വുമൺ വെൽഫെയർ അസോസിയേഷൻ, കോട്ടയം ജില്ലാ പ്രസിഡന്റ് അഡ്വക്കറ്റ് രാജി പി ജോയ് ആഗ്നേയ ഉദ്ഘാടനം ചെയ്തു. ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ശ്രീമതി ശ്രീകല, അയ്മനം ഗ്രാമപഞ്ചായത്ത് വാർഡ്മെമ്പർ ശ്രീമതി ത്രേസ്യാമ്മ എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു.അതിനുശേഷം സ്ത്രീകൾക്കായി ഒരു ബോധവൽക്കരണ ക്ലാസ് നടത്തപ്പെട്ടു.സ്ത്രീത്വത്തിന്റെ മഹനീയതയെക്കുറിച്ചും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുമാണ് ക്ലാസ്സ് എടുത്തത്. ക്ലാസ്സിനുശേഷം അവർക്കായി ഗെയിംസ് നടത്തി. വിമൻസ്ഡേയുടെ ബാഡ്ജ് എല്ലാവരും ധരിച്ചിരുന്നു. സമൂഹത്തിലെ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണ് ഹരിതകർമ സേനാംഗങ്ങൾ. ഏറ്റവും കഷ്ടത നിറഞ്ഞ ഈ ജോലി ഏറ്റെടുത്തു ചെയ്യുന്ന അവരുടെ സേവനത്തെ വിലമതിച്ചു കൊണ്ട് അവരെ ആദരിച്ചത് വനിതാ ദിനാഘോഷങ്ങൾക്ക് മാറ്റ് കൂട്ടി.രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെയായിരുന്നു പരിപാടി. പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങളും സ്നേഹവിരുന്നും നൽകിയിട്ടാണ് ആഗ്നേയ 2024 ന് തിരശീല വീണത്.



















കൊടിനാട്ടുകുന്ന് ഇടവകയിലെ സ്ത്രീകൾക്കായി അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചു ഒരു ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ചേർപ്പുങ്കൽ മാർ സ്ളീവാ മെഡിസിറ്റിയിലെ ഗൈനക്കോളജിസ്റ്റ് ഡോ. സി. അനൂജ എസ്.ഡി ആണ് ക്ളാസുകൾ നയിച്ചത്.കൊടിനാട്ടുംകുന്ന് പള്ളിയിലെ മാതൃവേദി അംഗങ്ങളും യുവദീപ്തി അംഗങ്ങളും ആണ് ഇതിൽ പങ്കെടുത്തത്. സ്ത്രീജന്യമായ രോഗങ്ങൾ, സ്ത്രീകൾ നേരിടുന്ന മറ്റ് ശാരീരിക പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചാണ് ക്ലാസ്സ് എടുത്തത്. വീട്ടമ്മമാർ ഉൾപ്പെടുന്ന സാധാരണക്കാരായ സ്ത്രീകൾക്ക് തങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കാനുള്ള നല്ല വേദിയായിരുന്നു ഇത്. 40അംഗങ്ങൾ ഇതിൽ പങ്കെടുത്തു. രാവിലെ 10 മണിയോടെ ബഹുമാനപ്പെട്ട വികാരിയച്ചൻ ഉദ്ഘാടനം ചെയ്ത ഈ സമ്മേളനം ഉച്ചയ്ക്ക് സ്നേഹവിരുന്നോടെ അവസാനിച്ചു.

# ദിശ 2024



കുട്ടികളുടെ അവധിക്കാലം ഉപകാരപ്രദമാക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികൾക്കായി ഒരു അവധിക്കാല പരിശീലന പരിപാടി ദിശ 2024 എന്ന പേരിൽ സംഘടിപ്പിച്ചു. മെയ് 10 മുതൽ 14 വരെ 4 ദിവസങ്ങളിലായാണ് ക്യാമ്പ് നടന്നത്. കുടമാളൂർ, ആശാകേന്ദ്ര സോഷ്യൽ വെൽഫെയർ സെന്ററിൽ വച്ചാണ് ക്യാമ്പ് നടന്നത്. കൗമാരപ്രായക്കാരായ കുട്ടികളാണ് ഇതിൽ സംബന്ധിച്ചത്. 4 ദിവസം നീണ്ടുനിന്ന പരിപാടിയിൽ 65 കുട്ടികൾ പങ്കെടുത്തു. കുടമാളൂർ പള്ളിയിലെ യുവദീപ്തി അംഗങ്ങളുടെ സഹകരണം ക്യാമ്പിനെ ഏറെ മനോഹരമാക്കി. മാനസികാരോഗ്യവും ക്രിസ്തീയ മൂല്യങ്ങളും, വ്യക്തിത്വ വികസനം,സെൽഫ് ഡിഫെൻസ്, ലൈംഗിക വിദ്യാഭ്യാസം, നേതൃത്വപരിശീലനം, തുടങ്ങി വിവിധങ്ങളായ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ ഉണ്ടായിരുന്നു. ഡോക്ടർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, അധ്യാപകർ, പോലീസ്, വൈദികർ, സന്യസ്തർ തുടങ്ങി സമൂഹത്തിന്റെ വിവിധങ്ങളായ മേഖലകളിൽ ജോലി ചെയ്യുന്ന പ്രഗൽഭരാണ് ക്ലാസ്സുകൾ നയിച്ചത്. കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ചിരുന്നു. ക്ളാസ്സുകളോടൊപ്പം തന്നെ ഗെയിംസ്, മത്സരങ്ങൾ എന്നിവയും ഇവയോടൊപ്പം സംഘടിപ്പിച്ചിരുന്നു. രാവിലെ 9 മുതൽ വൈകുന്നേരം 4 വരെയാണ് ക്യാമ്പ് നടന്നിരുന്നത്. 4 ദിവസത്തെ പ്രോഗ്രാമിൽ നിന്നായി ബെസ്ററ് ക്യാമ്പർ, ബെസ്റ്റ് ഡയറി എന്നിവയ്ക്ക് സമ്മാനങ്ങൾ നൽകി.കുട്ടികൾ വളരെയധികം ആസ്വദിച്ച പരിപാടിയായിരുന്നു ഇത്. ഒപ്പം തന്നെ അവർക്കു വളരെയേറെ ഉപകാരപ്രദവുമായിരുന്നു.





# പ്രവേശനോത്സവക്കാഴ്ചകളിലൂടെ



അക്ഷരമുത്തശ്ശിയുടെ മടിത്തട്ടിൽ ഒരു പ്രവേശനോത്സവ വരവേൽപ്പ് കൂടി വരവായി. 2024 ജൂൺ 3 ന് പാലക്കാട്ടുമല സെന്റ് മേരീസ് എൽ.പി.എസിന്റെ അങ്കണത്തിലേക്ക് നവാഗതരുടെ കടന്നുവരവ് ആഘോഷരാവായിരുന്നു. സ്കൂൾ മാനേജർ സി.ജെസ് തെരേസ് അധ്യക്ഷത വഹിച്ച യോഗത്തിൽ വാർഡ് മെമ്പർ ശ്രീമതി നിർമല ദിവാകരൻ മുഖ്യാതിഥിയായിരുന്നു. പി.ടി.എ പ്രസിഡന്റ് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അധ്യാപകരക്ഷകർതൃ പ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ എന്നിവർ പങ്കെടുത്തു. കുഞ്ഞുമക്കൾക്ക് സമ്മാനങ്ങളും മധുരപലഹാരങ്ങളും വിതരണം ചെയ്തു.

പാലക്കാട്ടുമല നേഴ്സറി സ്കൂളിൽ ജൂൺ 3 പ്രവേശനോത്സവമായി ആചരിച്ചു. 12 കുട്ടികളും അവരുടെ മാതാപിതാക്കളും സന്നിഹിതരായിരുന്നു. പ്രാർത്ഥനയ്ക്ക് ശേഷം കുട്ടികൾക്ക് കിരീടം, ലഡു, ബലൂൺ, കളിപ്പാട്ടങ്ങൾ എന്നിവ വിതരണം ചെയ്തു. അധ്യാപകർ കുട്ടികൾക്ക് വിവിധ കളികൾ നടത്തി.





ചെല്ലാർകോവിൽ നേഴ്സറി സ്കൂളിൽ ജൂൺ 10 ന് പ്രവേശനോത്സവം നടത്തപ്പെട്ടു.17 കുട്ടികളാണ് ഈ വർഷം ഇവിടെ ചേർന്നത്. കുട്ടികളുടെ മാതാപിതാക്കളും പ്രവേശനോത്സവത്തിൽ പങ്കെടുത്തു. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനം സി.മനോജ്ഞ ദീപം തെളിയിച്ചു ഉദ്ഘാടനം ചെയ്തു. ഈ ദീപത്തിൽ നിന്നും കുട്ടികളും തിരി തെളിച്ചു. കുട്ടികൾക്ക് സമ്മാനങ്ങളും മധുരപലഹാരങ്ങളും വിതരണം ചെയ്തു.



# കിക്ക് ഓഫ്




ചങ്ങനാശ്ശേരി പ്രൊവിൻസിലെ കുട്ടികളുടെ സ്ഥാപനങ്ങളിലെ കുട്ടികൾക്കായി ഒരു ഓറിയന്റേഷൻ പ്രോഗ്രാം ജൂൺ 9 ,10 തീയതികളിലായി നടത്തപ്പെട്ടു. രണ്ടു ഘട്ടങ്ങളായാണ് ഈ പരിപാടി നടന്നത്. കേരളത്തിലുള്ള 3 സ്ഥാപനങ്ങളിലെ കുട്ടികൾക്കായി ആശാകേന്ദ്ര സോഷ്യൽ വെൽഫെയർ സെന്ററിൽ വച്ച് ജൂൺ 9 നും കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിലെ കുട്ടികൾക്കായി ജൂൺ 10 തിങ്കളാഴ്ച ഓൺലൈനായുമാണ് ഇത് ക്രമീകരിച്ചത്. പുതിയ അധ്യയന വർഷത്തിലേക്കു കുട്ടികൾ പ്രവേശിക്കുമ്പോൾ തികഞ്ഞ ലക്ഷ്യബോധത്തോടും നല്ല തീരുമാനങ്ങളോടും കൂടി നല്ല തുടക്കമിടുക, ജീവിതത്തെക്കുറിച്ചു നല്ല സ്വപ്നങ്ങൾ ഉണ്ടാവുക, നല്ല സ്വഭാവവും ജീവിതശൈലിയും രൂപീകരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഈ പരിപാടി സംഘടിപ്പിക്കപ്പെട്ടത്.

ജൂൺ 9 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിയോടെ കുട്ടികൾ എത്തിച്ചേർന്നു. സോഷ്യൽ അപ്പോസ്തോലേറ്റു കൗൺസിലർ സി.ജ്യോതിസ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു.എഡ്യൂക്കേഷൻ കൗൺസിലർ സി.ആനിജോസ് ക്ലാസ്സ് നയിച്ചു. കുട്ടികളെല്ലാം വളരെ താല്പര്യത്തോടെ ക്ലാസ്സിൽ പങ്കുകൊണ്ടു. ഇടയ്ക്കു ഗെയിംസ് നടത്തിയത് ക്ലാസ്സ് ഏറെ രസപ്രദമാക്കി. ചിട്ടയായ ഒരു ജീവിത ശൈലി രൂപപ്പെടുത്തി തികഞ്ഞ ലക്ഷ്യബോധത്തോടെ പഠിച്ചു കൊണ്ട് എപ്രകാരം ഉയരങ്ങളിലെത്താം എന്ന് ക്ലാസിലൂടെ സി.ആനിജോസ് വ്യക്തമാക്കി. ക്ലാസ്സിനു ശേഷം കുട്ടികളെയും കൊണ്ട് അടുത്തുള്ള എം.സി.ബി.എസ് വൈദികരുടെ സ്ഥാപനമായ സംപ്രീതിയിൽ പോയി. കുട്ടികൾക്ക് ഇത് തികച്ചും വേറിട്ടൊരു അനുഭവമായിരുന്നു. സംപ്രീതിയിലെ മാലാഖമാർ വാദ്യഘോഷങ്ങളോടെ ഇവരെ സ്വീകരിച്ചു.ബഹുമാനപ്പെട്ട ടിജോ അച്ചൻ സംപ്രീതിയെക്കുറിച്ചും അവിടുത്തെ അംഗങ്ങളെക്കുറിച്ചും സംസാരിച്ചു. കുട്ടികൾക്ക് ഇത് വളരെ വ്യത്യസ്തമായ അനുഭവമായിരുന്നു. കുട്ടികളോടൊപ്പം സ്ഥാപനങ്ങളിലെ സിസ്റ്റേഴ്സും സ്റ്റാഫ് അംഗങ്ങളും വന്നിരുന്നു. 70 പേർ ഇതിൽ പങ്കെടുത്തു.വൈകുന്നേരം 6 മണിയോടെയാണ് പ്രോഗ്രാം അവസാനിച്ചത്.






## ലോക യോഗ ദിനാചരണം

2024 ജൂൺ 21 ലോക യോഗാദിനം മേഴ്സിഹോമിൽ ഉചിതമായി ആചരിച്ചു.അന്നേ ദിവസം രാവിലെ 6 .45 മുതൽ 7.30 വരെ മേഴ്സിഹോം ഓഡിറ്റോറിയത്തിൽ വച്ച് യോഗ പരിശീലനം നടത്തപ്പെട്ടു. യോഗയുടെ പ്രാധാന്യത്തെക്കുറിച്ചും യോഗ ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കേസ് വർക്കർ ഷിന്റ ചാർളി കുട്ടികൾക്ക് ക്ലാസ്സ് എടുത്തു.




# ടാൻസാനിയ മിഷൻ



ടാൻസാനിയായിൽ ഇപ്പോൾ 3 സമൂഹങ്ങൾ ഉണ്ട്. ഡിസ്പെൻസറി, സ്കൂൾ, ഇടവക പ്രവർത്തനം എന്നിവയാണ് ടാൻസാനിയായിലെ നമ്മുടെ പ്രധാനപ്പെട്ട പ്രേഷിതരംഗങ്ങൾ.

വില്ലേജിലെ കുടുംബങ്ങൾ സന്ദർശിക്കുകയും അവർക്കാവശ്യമുള്ള സഹായങ്ങൾ നൽകുകയും ചെയ്യുന്നു. ഒപ്പം തന്നെ അവിടെയുള്ള കുട്ടികളെയും മുതിർന്നവരെയും ഇടയ്ക്കിടെ ഒരുമിച്ചു കൂട്ടുകയും ബോധവത്ക്കരണക്ലാസ്സുകൾ നൽകുകയും ചെയ്യുന്നു. ഹോസ്പിറ്റലിന്റെ എല്ലാ സൗകര്യങ്ങളോടും കൂടിയുള്ള ഡിസ്പെൻസറി ഇവിടെ ഉണ്ട്. വില്ലേജിലെ പാവപ്പെട്ട മനുഷ്യർക്കുള്ള ഏക ആശ്രയമാണ് ഈ ഡിസ്പെൻസറി.










2024 ജനുവരി 8 ന് പുതിയ അധ്യയന വർഷം ആരംഭിച്ചു. സ്കൂളിൽ 40 കുട്ടികൾ ഉണ്ട്. കുട്ടികൾക്ക് പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും സ്ക്കൂളിൽ നിന്ന് തന്നെയാണ് നൽകുന്നത്. പുതിയ അധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ അധ്യാപകർക്ക് 3 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. ധാർമികജീവിതത്തിന് പ്രാധാന്യം കൽപ്പിക്കാതെ, കുടുംബ ബന്ധങ്ങളുടെ വില അറിയാതെ ജീവിക്കുന്നവരാണ് ഇവിടെയുള്ള കൂടുതൽ ആൾക്കാരും. അതിനാൽ സ്കൂളിലെ കുട്ടികളുടെ മാതാപിതാക്കളെ ഇടയ്ക്കിടയ്ക്ക് വിളിച്ചു കൂട്ടുകയും നല്ല രീതിയിൽ ജീവിക്കേണ്ടതെങ്ങനെയെന്നും കുട്ടികളെ മൂല്യ ബോധത്തിൽ വളർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ബോധവത്ക്കരണ ക്ളാസ് നൽകി വരുന്നു. LKG,UKG,STD1 എന്നീ ക്ളാസ്സുകളാണ് ഇപ്പോൾ ഉള്ളത്. 7.40 ന് അസ്സെംബ്ളിയോട് കൂടി ആരംഭിക്കുകയും 3.30 ന് അവസാനിക്കുകയും ചെയ്യുന്ന രീതിയിൽ ആണ് ക്ളാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. പഠനത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ ക്ളാസ്സുകൾ നൽകുന്നു. കുട്ടികളുടെ ബൗദ്ധിക വളർച്ചയിൽ സഹായിക്കുന്നതോടൊപ്പം അവരുടെ കലാകായികവും മാനസികവും ആത്മീയവുമായ വളർച്ചയിൽ ശ്രദ്ധ കൊടുത്തു കൊണ്ടുള്ള വിദ്യാഭ്യാസരീതിയാണ് ഇവിടെയുള്ളത്.



# പെറുവിന്റെ ഓരങ്ങളിലൂടെ



പെറുവിലെ സഹോദരങ്ങൾക്ക് കരുണാർദ്രനായ ഈശോയുടെ സ്നേഹസാക്ഷ്യമേകിക്കൊണ്ടു മുന്നോട്ട് നീങ്ങുകയയാണ് പെറുമിഷൻ. ഒരുപാട് പാവപ്പെട്ട മക്കൾ താമസിക്കുന്ന സ്ഥലമാണ് ഇത്. SD കോൺവെന്റിന്റെ സമീപത്തുള്ള പാവങ്ങളായ കുട്ടികളെ സന്ദർശിക്കുകയും വിവിധ ഏജൻസികളുടെ സഹായത്തോടെ അവർക്കു ഭക്ഷണവും കളിപ്പാട്ടങ്ങളും നൽകുകയും ചെയ്തു.അവരുടെ മുഖത്തെ സന്തോഷമായിരുന്നു സഹോദരിമാരുടെ പ്രതിഫലം. അത് പോലെ തന്നെ ഭവനസന്ദർശനം നടത്തുകയും അതിലൂടെ ആവശ്യക്കാരെ തിരിച്ചറിഞ്ഞു സഹായിക്കുകയും ചെയ്യുന്നു. 25 വയസുള്ള ഒരു മകൾ പോളിയോ വന്നു തളർന്നു കിടക്കുന്നതറിഞ്ഞ് ആ ഭവനം സന്ദർശിക്കാൻ പോയി. പ്രായമായ മാതാപിതാക്കൾ, കിടക്കാൻ ഒരു കട്ടിലോ കട്ടിലിടാൻ ഒരു സ്ഥലമോ അവർക്കു സ്വന്തമായില്ല. പ്രായമായ ആ മാതാപിതാക്കളാണ് ഈ മകൾക്കു വേണ്ടതെല്ലാം ചെയ്തു കൊടുക്കുന്നത്. പഴയ കുപ്പികൾ, പാത്രങ്ങൾ എന്നിവയൊക്കെ വിട്ടു കിട്ടുന്ന പണമാണ് ഏക വരുമാനം. ആ കുടുംബത്തിന്റെ അവസ്ഥ തിരിച്ചറിഞ്ഞ് ആ കുട്ടിക്കാവശ്യമായ ബെഡ്, വീൽ ചെയർ, വസ്ത്രങ്ങൾ, ഭക്ഷണസാധനങ്ങൾ എന്നിവ എത്തിച്ചു കൊടുക്കാൻ സാധിച്ചു.





# കരുതൽ 2k24



മേഴ്സിഹോമിന്റെ സുവർണ ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി കരുതൽ 2k24 പൂർവ്വവിദ്യാർത്ഥി സംഗമം 2024 ജൂൺ 1 ,2 തീയ്യതികളിലായി വളരെ വിപുലമായ പരിപാടികളോടെ മേഴ്സിഹോമിൽ വച്ച് നടത്തപ്പെട്ടു. സൗഹൃദത്തിന്റെയും പങ്കുവയ്ക്കലിന്റെയും കൂട്ടായ്മയുടെയും ദിനങ്ങളായിരുന്നു ഇത്. ആദ്യദിവസം തന്നെ വിവിധ സ്ഥലങ്ങളിൽ നിന്നായി പൂർവ്വ വിദ്യാർത്ഥികൾ വന്നു കൊണ്ടിരുന്നു. വൈകുന്നേരം ആത്മീയ വളർച്ചയ്ക്കുതകുന്ന ഒരു ക്ളാസ് നൽകുകയുണ്ടായി.ചെത്തിപ്പുഴ വികാരി ഫാ.തോമസ് കല്ലുകുളം ആണ് ക്ലാസ്സ് എടുത്തത്. തുടർന്ന് കുമ്പസാരത്തിനുള്ള അവസരം നൽകി.അതിനു ശേഷം എല്ലാവരും ഒത്തു ചേർന്ന് പൂർവ്വകാലസ്മരണകൾ അയവിറക്കി. വീട്ടുവിശേഷങ്ങളും നാട്ടുവിശേഷങ്ങളും പറഞ്ഞു സന്തോഷം പങ്കുവച്ചു. അടുത്ത ദിവസം 11 മണിക്ക് ചെത്തിപ്പുഴ സെന്റ് തോമസ്ഓഡിറ്റോറിയത്തിൽ വച്ച് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ ആഘോഷപൂർവ്വമായ ദിവ്യബലി അർപ്പിക്കപ്പെട്ടു. അതിനുശേഷം പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് മദർ ദീപ്തി ജോസ് ബൊക്കെ നൽകി ആശംസകൾ നേർന്നു. പിതാവ് കേക്ക് മുറിച്ചു. എഡ്യുക്കേഷൻ കൗൺസിലർ സി.ആനി ജോസ് പിതാവിന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പിന്നീട് സ്നേഹവിരുന്നായിരുന്നു. കൃത്യം 2 മണിക്ക് പൊതു സമ്മേളനം ആരംഭിച്ചു. സെന്റ്.ജോസഫ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽസുപ്പീരിയർ മദർ ദീപ്തി ജോസ് അധ്യക്ഷത വഹിച്ച സമ്മേളനം സെന്റ്. തോമസ് ഹോസ്പിറ്റൽ ഡയറക്റ്റർ ഫാ.ജെയിംസ് പി.കുന്നത്ത് ഉദ്ഘാടനം ചെയ്തു. എസ്ഡി സന്യാസ സമൂഹത്തിന്റെ ആരംഭവും അഭിവന്ദ്യ പടിയറ പിതാവ് മേഴ്സിഹോം എസ്ഡി സന്യാസസമൂഹത്തിനു കൈമാറിയതും തുടർന്നുള്ള മേഴ്സിഹോമിന്റെ ഇന്ന് വരെയുള്ള ചരിത്രവും മദർ ദീപ്തി ജോസ് വിവരിച്ചു.എസ്ഡി യുടെ പവർ ബാങ്ക് ആണ് മേഴ്സി ഹോം എന്ന് മദർ ദീപ്തി ജോസ് പറഞ്ഞു. എസ്ഡി യുടെ മാത്രമല്ല സെന്റ്. തോമസ് ഹോസ്പിറ്റലിന്റെയും ഈ നാടിന്റെ മുഴുവനും പവർ ബാങ്ക് ആണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അച്ചൻ പറഞ്ഞു. പൂർവ്വ വിദ്യാർത്ഥികളുടെ പ്രതിനിധിയായി ജിലുമോൾ മരിയറ്റ് തോമസ് സംസാരിച്ചു. മേഴ്സിഹോമിൽ നിന്ന് കിട്ടിയ പരിശീലനമാണ് പ്രതിസന്ധികളിൽ തളരാതെ ജീവിതവിജയം കൈവരിക്കാൻ പ്രാപ്തയാക്കിയതെന്നു ജിലുമോൾ നന്ദിയോടെ അനുസ്മരിച്ചു. മേഴ്സിഹോമിലെ കുട്ടികളുടെയും, ഫ്രണ്ട്സ് ഓഫ് ദി ടെസ്റ്റിട്യൂട്ടിലെ അംഗങ്ങളുടെയും, ചെത്തിപ്പുഴ സൺഡേ സ്കൂളിലെ കുട്ടികളുടെയും വിവിധ കലാപരിപാടികൾ ഈ സംഗമത്തിന് മാറ്റ് കൂട്ടി. പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ഒരുപാട് നല്ല മുഹൂർത്തങ്ങൾ സമ്മാനിക്കാൻ കരുതൽ 2K24 ന് സാധിച്ചു.





# കാരുണ്യഭവനം

സുവർണജൂബിലി സ്മാരകമായി മേഴ്സിഹോം നിർമിച്ചു നൽകുന്ന കാരുണ്യഭവനം നൽകിയത് 86 - 96 കാലഘട്ടത്തിൽ ഇവിടെ പഠിച്ചു വളർന്ന്, ഇപ്പോൾ കോട്ടയം വടവാതൂരിൽ കുടുംബജീവിതം നയിക്കുന്ന ലിസി ജോമോനാണ്. ലിസിയും ഭർത്താവും പ്ലസ് വണ്ണിന് പഠിക്കുന്ന ഒരു മകനും അടങ്ങിയതാണ് ലിസിയുടെ കുടുംബം. 2023 ഒക്ടോബർ 12 ന് വീടിനു തറക്കല്ലിട്ടു. 4 മാസം കൊണ്ട് 2024 ഫെബ്രുവരി 25 ന് പുതിയ വീടിന്റെ വെഞ്ചരിപ്പ് കർമം നടത്തപ്പെട്ടു. ചെത്തിപ്പുഴ ഇടവക വികാരി ഫാ.തോമസ് കല്ലുകളമാണ് വെഞ്ചരിപ്പ് കർമം നിർവഹിച്ചത്. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ദീപ്തി ജോസ്, കൗൺസിലേഴ്സ്, ഫ്രണ്ട് ഓഫ് ദി ടെസ്റ്റിട്യൂട്ടിലെ അംഗങ്ങൾ തുടങ്ങി എല്ലാവരും വെഞ്ചരിപ്പ് കർമ്മത്തിൽ പങ്കെടുക്കുകയും ലിസിക്കും കുടുംബത്തിനും ആശംസകൾ നേരുകയും ചെയ്തു.വളരെ ചുരുങ്ങിയ മാസം കൊണ്ട് 10 ലക്ഷത്തിന്റെ വീട് നിർമിച്ചു നൽകാൻ സാധിച്ചത് ദൈവപരിപാലനയാണെന്നു എല്ലാവരും തിരിച്ചറിഞ്ഞ സമയമായിരുന്നു ഇത്.



# രക്ഷാകർതൃ സമ്മേളനം



മേഴ്സിഹോമിലെ കുട്ടികളുടെ മാതാപിതാക്കൾക്ക് വേണ്ടിയുള്ള സംഗമം 2024 മെയ് 30 ന് മേഴ്സിഹോം ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു.പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച മീറ്റിങ്ങിന് കേസ് വർക്കർ ഷിന്റ ചാർളി സ്വാഗതം ആശംസിച്ചു. ഡയറക്ടർ സി.സെലിൻജോസ് ആമുഖ പ്രഭാഷണം നടത്തുകയും വാർഷിക റിപ്പോർട്ട് വായിക്കുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ MRT ഡയറക്ടർ സി. ആൻ ജോസ് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സി.റ്റെസ് എസ്ഡി "വൈകല്യമുള്ള കുട്ടികളെ എങ്ങനെ പരിപാലിക്കണം" എന്നതിനെക്കുറിച്ച് മാതാപിതാക്കൾക്ക് ഒരു ബോധവത്ക്കരണ ക്ലാസ് എടുത്തു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സ്നേഹവിരുന്നോടെ മീറ്റിംഗ് അവസാനിച്ചു.

## കാരുണ്യ ഹസ്തം

ചെത്തിപ്പുഴ പ്രദേശത്തിന്റെ അനുഗ്രഹമായി നിലകൊള്ളുന്ന സ്ഥാപനമാണ് മേഴ്സിഹോം. ദൈവത്തിന്റെ അനന്ത പരിപാലനയാൽ ഒരുപാട് നല്ല മനസുകളുടെ സഹായത്തോടെയാണ് മേഴ്സിഹോം അതിന്റെ യാത്ര തുടർന്ന് കൊണ്ടിരിക്കുന്നത്. മേഴ്സിഹോമിന്റെ ഈ യാത്രയിൽ തണലാകുന്ന കരങ്ങൾ നിരവധിയാണ്. അവരെ നന്ദിയോടെ അനുസ്മരിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമായി മേഴ്സിഹോമിന്റെ മക്കൾ ഒരുമിച്ചു കൂടി. മേഴ്സിഹോമിന്റെ ഉപകാരികളുടെ സംഗമം 'കാരുണ്യ ഹസ്തം' എന്ന പേരിൽ ജനുവരി 27 ന് നടത്തപ്പെട്ടു. ഫാ. തോമസ് മംഗലത്ത് ഉദ്ഘാടനം ചെയ്ത ഈ സംഗമത്തിൽ വാഴപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി വിജയകുമാർ, സി.സെലിൻ ജോസ് എസ്ഡി എന്നിവർ പങ്കെടുത്തു. ഫാ. ഗ്രിഗറി ഓണംകുളം ഉപകാരികൾക്കായി ഒരു ക്ലാസ് എടുത്തു. മേഴ്സിഹോമിനായി ഓരോരുത്തരും ചെയ്യുന്ന വലിയകാര്യങ്ങൾക്ക് മേഴ്സിഹോം മക്കളും അധികൃതരും നന്ദി പറഞ്ഞു. മേഴ്സിഹോമിലെ കുട്ടികളുടെ കലാ പരിപാടികൾ ഈ പരിപാടിക്ക് മനോഹഹരിത പകർന്നു.

# സമ്മർ ക്യാമ്പ്



ഓരോ കുട്ടിയുടെയും മാനസിക ബൗദ്ധിക, ശാരീരിക, വികസനം ലക്ഷ്യം വച്ച് കൊണ്ട് എം ആർ ടി യുടെ നേതൃത്വത്തിൽ വേനൽക്കാല ക്ലാസ് സംഘടിപ്പിച്ചു.ഒരു മാസം നീണ്ടു നിൽക്കുന്ന പ്രോഗ്രാം ആയിരുന്നു ഇത്.2024 ഏപ്രിൽ 8 ന് ഉദ്ഘാടന ചടങ്ങോടെ ക്ലാസ്സ് ആരംഭിച്ചു.സോഷ്യൽ അപ്പൊസ്തോലേറ്റ് കൗൺസിലർ സി. ജ്യോതിസ് മുഖ്യാതിഥിയായിരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്നായി 16 വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു. എം.ആർ.ടി യുടെ പ്രിൻസിപ്പൽ സി.ആൻ ജോസും ശ്രീമതി റോസി സ്കറിയയും (ബയോ ഇൻഫോർമാറ്റിക്സ്)ഇതിനു നേതൃത്വം നൽകി. നല്ല പെരുമാറ്റം,ഭക്ഷണ ശീലങ്ങൾ തുടങ്ങി വിവിധ വിഷയങ്ങളിൽ ക്ലാസ്സ് ഉണ്ടായിരുന്നു.വൈജ്ഞാനിക, തൊഴിൽ, കല, കരകൗശല, പ്രീറൈറ്റിങ് സ്കിൽ എന്നീ വിഷയങ്ങളും ഉൾപ്പെടുത്തിയിരുന്നു. ബ്രെയിൻ ജിം ആയിരുന്നു ഈ പരിപാടിയുടെ മറ്റൊരു ആകർഷണം.വിവിധ ഇൻഡോർ ഔട്ഡോർ പ്രവർത്തനങ്ങളിൽ കുട്ടികൾ വളരെ സന്തുഷ്ടരാണെന്നു കണ്ടെത്തി. വളരെ രസകരവും സംവേദനാത്മകവുമായ ഗെയിമുകളും ഉൾപ്പെടുത്തിയിരുന്നു. സി.ആനി ജോസ് എസ്.ഡി മാതാപിതാക്കളുമായി നടത്തിയ സംഭാഷണത്തോടെ മെയ് 7ന് സമ്മർ ക്യാമ്പ് അവസാനിച്ചു.മേഴ്സിഹോമിന്റെ മദർ സുപ്പീരിയർ സി.സെലിൻ ജോസ് എസ്ഡി സമാപന സന്ദേശം നൽകി. പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും സമ്മാനങ്ങൾ നൽകി. വിദ്യാർത്ഥികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും ഉപകാരപ്രദമായ പരിപാടിയായിരുന്നു ഇത് എന്ന് മാതാപിതാക്കൾ വിലയിരുത്തി.











# ആശംസകൾ

ചങ്ങനാശ്ശേരി ടൗൺ റോട്ടറി ക്ലബ്ബിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജിജി ബോബൻ തെക്കേലിന് ആശംസകൾ. ശ്രീമതി ജിജി ബോബൻ കഴിഞ്ഞ 12 വർഷങ്ങളായി എം.ആർ.ടി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫിസിയോതെറാപ്പി ഡിപ്പാർട്ടമെന്റ് HOD ആയി സേവനമനുഷ്ഠിച്ചു വരികയാണ്.



**ചെത്തിപ്പുഴ എം.ആർ.ടിയിൽ ഒക്കുപ്പേഷണൽ തെറാപ്പി ഡിപ്പാർട്ടമെന്റ് നവീകരിച്ചു പ്രവർത്തനം ആരംഭിച്ചു.**



# ലോകപുസ്തക ദിനം





ഈ വർഷത്തെ പുസ്തദിനം വളരെ മനോഹരമായി ഹോമിൽ ആഘോഷിക്കുകയുണ്ടായി. വായനയുടെ പ്രാധാന്യം മറ്റുള്ളവരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികൾ വായിച്ച ഒരു പുസ്തകത്തെപ്പറ്റി ഒരു മിനിറ്റ് നീണ്ടു നിൽക്കുന്ന വീഡിയോസ് എടുത്ത് സോഷ്യൽ മീഡിയായിൽ പോസ്റ്റ് ചെയ്തു.'വായിച്ചു വളരുക' എന്ന തീം ഉയർത്തിക്കാട്ടിയാണ് വീഡിയോ പ്രദർശിപ്പിച്ചത്.

# വിനോദയാത്ര



പ്രത്യാശാഭവന്റെ ഈ വർഷത്തെ പിക്നിക് ചാലക്കുടി സിൽവർ സ്റ്റോമിലേക്കാണ് പോയത്. ഏപ്രിൽ 5 രാവിലെ 6 മണിക്ക് പ്രാർത്ഥനയോടെ യാത്ര ആരംഭിച്ചു. കുട്ടികൾ എല്ലാവരും വളരെ ഉത്സാഹത്തോടും ആരവത്തോടും കൂടിയാണ് യാത്രയിൽ ആയിരുന്നത്. 23 കുട്ടികളും 6 സ്റ്റാഫും 4 അമ്മമാരും ആണ് യാത്ര പോയത്. അവിടെയുള്ള സ്നോസ്റ്റോമിലെ മഞ്ഞിൽ കുട്ടികൾ ആർത്തുല്ലസിച്ചു. കുറെ ഏറെ റൈഡുകളും അവിടെ ഉണ്ടായിരുന്നു. ഒരു ദിവസം മുഴുവൻ കുട്ടികൾ ആർത്തുല്ലസിച്ചു. ഉച്ചയ്ക്ക് സിൽവർ സ്റ്റോമിൽ നിന്ന് തന്നെ നല്ലൊരു സദ്യ കഴിച്ചു. വൈകീട്ട് 6 മണിയോടെ അവിടെ നിന്ന് തിരിച്ചുള്ള യാത്ര ആരംഭിച്ചു.കുട്ടികളുടെ ആഗ്രഹപ്രകാരം രാത്രിഭക്ഷണം തട്ടുകടയിൽ നിന്നാക്കി. തട്ടുകടയിൽ നിന്ന് എല്ലാവരും ഓംലൈറ്റും ദോശയും കഴിച്ചു. രാത്രി 11 മണിയോടെ യാത്ര അവസാനിച്ചു. കുട്ടികൾ എല്ലാവരും വളരെ ഉത്സാഹത്തോടെയാണ് യാത്രയിൽ ഉടനീളം ആയിരുന്നത്. കളിയും ചിരിയുമായി ആ ദിനം മംഗളമായി തീർന്നു.











# ഈശോയെ സ്വീകരിച്ച കുഞ്ഞു മാലാഖമാർ

പ്രത്യാശ ഭവനിലെ അലീനയും അനാമികയും ആഘോഷമായി ഈശോയെ സ്വീകരിച്ചു. പ്രത്യാശ ഭവനിലെ കുഞ്ഞുങ്ങളെയും അമ്മമാരെയും സംബന്ധിച്ചു വലിയ ആഘോഷത്തിന്റെ ദിനമായിരുന്നു ഇത്. കൊടിനാട്ടുംകുന്ന് സെന്റ്. സെബാസ്റ്റ്യൻ പള്ളിയിൽ വച്ചാണ് കുർബ്ബാന സ്വീകരണം നടന്നത്.





# അവധിക്കാല ക്ലാസ്സ്

കുട്ടികളുടെ അവധിക്കാലം മനോഹരമാക്കാൻ, വ്യക്തിത്വ വികസനത്തിനെത്തെപ്പറ്റിയും മൂല്യങ്ങളെക്കുറിച്ചും ക്ലാസ്സ് എടുക്കാൻ ബ്രദർ ക്രിസ്റ്റി, അമല എന്നിവർ ഹോമിൽ എത്തി. പ്രാർത്ഥനയോടെ ആരംഭിച്ച പ്രോഗ്രാമിന് ഡയറക്റ്റർ സി.അനു റോസ് സ്വാഗതം ആശംസിച്ചു.നിരവധി കളികളിലൂടെ കുട്ടികളെ ഓരോ കാര്യങ്ങളും പറഞ്ഞു പഠിപ്പിക്കുകയായിരുന്നു. വിവിധ കളികളിലൂടെ ജീവിതത്തിലേക്കുള്ള നല്ല കാര്യങ്ങൾ പകർന്നു കൊടുക്കാൻ ഇതിലൂടെ സാധിച്ചു. ക്ലാസ്സിന്റെ അവസാനം കുട്ടികൾ ക്ലാസിനെക്കുറിച്ചുള്ള അവരുടെ അഭിപ്രായം പങ്കു വച്ചു.





# ലോക ചിരി ദിനം



വളരെ മനോഹരമായി ലോക ചിരി ദിനം ആഘോഷിച്ചു. ചിരിദിനാഘോഷത്തിന്റെ ഭാഗമായി വിവിധ മത്സര പരിപാടികൾ സംഘടിപ്പിച്ചു. ഇന്നത്തെ കാലത്ത് പലരും ഒന്ന് മനസ് തുറന്ന്ചിരിക്കുവാൻ മറന്നു പോകുന്നു. മനുഷ്യ ജീവിതത്തിൽ ചിരിയുടെ മഹത്വം ഉയർത്തിക്കാട്ടിയാണ് പ്രത്യാശാഭവനിലെ കുരുന്നുകൾ ലോകചിരിദിനം ആഘോഷിച്ചത്. കോമഡി നാടകം, ചിരി സന്ദേശം, നല്ല ചിരി തുടങ്ങി വിവിധങ്ങളായ മത്സര പരിപാടികളാണ് സംഘടിപ്പിച്ചത്. എല്ലാവരും വളരെ ഉത്സാഹത്തോടെയാണ് ഓരോ മത്സരങ്ങളിലും പങ്കെടുത്തത്. കുട്ടികളുടെ കഴിവുകൾ ഉണർത്തുവാനും വളർത്തുവാനും ഇത്തരം മത്സര പരിപാടികൾ സഹായിക്കുന്നു.

# ബാലവേല വിരുദ്ധ ദിനം




ലോക ബാലവേല വിരുദ്ധദിനം ആചരിച്ചു. ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്റ്റർ ഫാ.തോമസ് കുളത്തുങ്കൽ ബാലവേല വിരുദ്ധ ദിനം ഉദ്ഘാടനം ചെയ്തു.അദ്ദേഹം ബാലവേല വിരുദ്ധദിന സന്ദേശം നൽകി. സി. ജിഷയുടെ നേതൃത്വത്തിൽ കുട്ടികൾ സ്കിറ്റ്, പ്രസംഗം എന്നിവ നടത്തി. 'കുട്ടികൾ പണിയെടുക്കേണ്ടവരല്ല അവരുടെ സ്വപ്നങ്ങൾ തകർക്കരുത്' എന്ന ആശയം മുന്നോട്ടു വച്ചാണ് സ്കിറ്റ് അവതരിപ്പിച്ചത്. ഫാ.തോമസ് കുളത്തുങ്കൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും സമ്മാനങ്ങൾ നൽകി.

# ലോക അത്‌ലറ്റിക് ഡേ




മെയ് 7 ലോക അത്‌ലറ്റിക് ഡേ ആയി ആഘോഷിക്കുന്നു. യുവാക്കളുടെ പങ്കാളിത്തം വർധിപ്പിക്കുക എന്നതാണ് ഈ ദിനത്തിന്റെ അടിസ്ഥാന ലക്ഷ്യം. അൽഫോൻസാ സ്നേഹനിവാസിലും ഈ ദിനം സമുചിതമായി ആഘോഷിച്ചു. സി. റോസ്മിൻ അത്‌ലറ്റിക് ഡേ ഉദ്ഘാടനം ചെയ്തു. അൽഫോൻസാ സ്നേഹനിവാസിന്റെ ഗ്രൗണ്ടിൽ വച്ചാണ് പരിപാടികൾ നടത്തപ്പെട്ടത്. സി.ജിഷ, സോഷ്യൽ വർക്കർ ജിൻസി ആന്റണി എന്നിവരുടെ നേതൃത്വത്തിൽ 100 മീറ്റർ ഓട്ടം, സ്റ്റാന്റിംഗ് ജമ്പ്, റിങ് ത്രോ ആൻഡ് കിക്ക് എ ഗോൾ, എന്നീ മത്സരങ്ങൾ നടത്തപ്പെട്ടു. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.കുട്ടികൾക്ക് പഠനത്തിൽ നിന്ന് ഇടവേള എടുക്കാനും ശാരീരികവും മാനസികവുമായ സുസ്ഥിതി കൈവരിക്കാനുമുള്ള മികച്ച മാർഗമാണ് കായികം.

# ജൂബിലി നിറവിൽ സെറിനിറ്റി ഹോം



ഭാഗ്യസ്മരണാർഹനായ മാർ മാത്യു വട്ടക്കുഴി  പിതാവിന്റെ ആശിർവാദത്തിലും, മാർ മാത്യു അറക്കൽ പിതാവിന്റെ സ്നേഹത്തണലിലും 1999 ൽ സ്ഥാപിതമായ സെറിനിറ്റി ഹോം അതിന്റെ ജൂബിലി നിറവിലെത്തിക്കഴിഞ്ഞു. വാർധക്യത്തിന്റെ നൊമ്പരവും വേർപാടിന്റെ വേദനയും പേറുന്ന അനേകം ജീവിതങ്ങൾക്ക് ആശ്വാസത്തിന്റെ തണലേകാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യത്തിൽ ആണ് സെറിനിറ്റി ഹോം. പരേതയായ ത്രേസ്സ്യാമ്മ  കുരുവിനാക്കുന്നേൽ കാഞ്ഞിരപ്പള്ളി രൂപതയ്ക്ക് ദാനമായി നൽകിയ 21/2 ഏക്കർ സ്ഥലത്തു 1999 ജനുവരി 31 നു  സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസസമൂഹത്തിന്റെ നേതൃത്വത്തിൽ സെറിനിറ്റി ഹോം പ്രവർത്തനം ആരംഭിച്ചു. തുടർന്ന് സെറിനിറ്റി ഹോമിന്റെ ശുശ്രൂഷ 2001  സെപ്റ്റംബർ 19 ന്  SD സിസ്റ്റേഴ്സ് ഏറ്റെടുത്തു. അന്നത്തെ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ കർമ്മലത, ഈ ഭവനത്തിന്റെ സുപ്പീരിയർ സി. ലിയോ എന്നിവരുടെ നേതൃത്വത്തിൽ തുടക്കം കുറിച്ച ഈ സ്നേഹശുശ്രൂഷ ദൈവകൃപയാൽ SD സഹോദരിമാരിലൂടെ ഇന്നും തുടർന്ന് കൊണ്ടിരിക്കുന്നു. 8  അംഗങ്ങളോടുകൂടി ആരംഭിച്ച ഈ ഭവനത്തിൽ ഇപ്പോൾ 64 വൃദ്ധ മാതാപിതാക്കൾ സന്തോഷത്തോടെ കഴിയുന്നു. വടവാതൂർ സെമിനാരിയിൽ നിന്ന് ഡീക്കൻമാരും എസ്.ഡി ചങ്ങനാശ്ശേരി പ്രൊവിൻസിലെ സന്യാസാർത്ഥിനികളും പരിശീലനത്തിന്റെ ഭാഗമായി  ഇവിടെ ശുശ്രൂഷ ചെയ്തു വരുന്നു. ഡോ.ജെയ്സിയുടെ നേതൃത്വത്തിൽ പൈക CHC യിലെ ഡോക്ടേഴ്സ്, നഴ്സസ്, പാലിയേറ്റീവ് കെയർ യൂണിറ്റ് അംഗങ്ങൾ എല്ലാ മാസവും ഇവിടെ വരികയും പരിശോധിച്ച് വേണ്ട മരുന്നുകൾ നൽകുകയും ചെയ്യുന്നു.  സുമനസുകളുടെ സഹായമാണ് ഈ സ്ഥാപനത്തിന്റെ സാമ്പത്തിക സ്രോതസ്സ്. ബഹുമാനപ്പെട്ട ചാപ്ലയിൻ അച്ചന്റെ നേതൃത്വത്തിൽ എല്ലാ ദിവസവും ഈ ഭവനത്തിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ ബലി സെറിനിറ്റി ഹോമിന്റെ ആത്മീയ ശക്തിയാണ്.

സെറിനിറ്റി ഹോമിന്റെ ജൂബിലി ആഘോഷം 2023 നവംബർ 11 ശനിയാഴ്ച 10 മണിക്ക് സെറിനിറ്റിഹോമിൽ വച്ച് നടത്തപ്പെട്ടു.ഫാത്തിമാപുരം സ്നേഹനിവാസിലെ കുട്ടികളുടെ മനോഹരമായ ബാൻഡ് മേളത്തിന്റെ അകമ്പടിയോടെ വിശിഷ്ടാതിഥികളെ സ്വീകരിച്ചു.അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ജൂബിലി സമ്മേളനം ശ്രീ മാണി സി കാപ്പൻ എം എൽ എ ഉദ്ഘാടനം ചയ്തു. മാർ മാത്യു അറക്കൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. അറക്കൽ പിതാവിനെ പൊന്നാട അണിയിച്ചു ആദരിച്ചു. എലിക്കുളം ഇടവകയിലെയും എസ് ഡി യുടെ സ്ഥാപനങ്ങളിലെ കുട്ടികളുടെയും സെറിനിറ്റിഹോമിലെ അപ്പച്ചന്മാരുടെയും അമ്മച്ചിമാരുടെയും കലാപരിപാടികൾ സമ്മേളനത്തിന് മാറ്റ് കൂട്ടി.വടവാതൂർ സെമിനാരിയിലെ ഡീക്കന്മാരുടെ നേതൃത്വം സമ്മേളനം ശുഭകരമാക്കി.



























## ഹോസ്പിറ്റൽഡേ സെലിബ്രേഷൻ



സൗഖ്യത്തിന്റെ ശുശ്രൂഷയുമായി ജ്യോതി ഹോസ്പിറ്റൽ അതിന്റെ പ്രയാണം തുടങ്ങിയിട്ട് 2024 ജൂൺ 19 ന് 20 വർഷം പൂർത്തിയായി.അന്നേ ദിവസം രാവിലെ 11.30 ന് ഹോസ്പിറ്റൽ ചാപ്പലിൽ വച്ച് ഫാ.എബ്രഹാം പട്ടേരിയിലിന്റെ കാർമികത്വത്തിൽ ആഘോഷമായ ദിവ്യബലി അർപ്പിക്കപ്പെട്ടു.ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്ററും ഡോക്ടേഴ്സും ചേർന്ന് തിരി തെളിയിച്ചു. 20 വർഷം പൂർത്തിയാക്കിയതിന്റെ അനുസ്മരണാർത്ഥം പൊതു ജനത്തിനായി ഒരു ഹെൽത്ത് ചെക്കപ്പ് പാക്കേജ് ആരംഭിച്ചു. ഹോസ്പിറ്റൽ ജീവനക്കാർക്കായി വിവിധ പ്രോഗ്രാമുകൾ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ ക്രമീകരിച്ചു. അന്നേ ദിവസം ജീവനക്കാർക്കായി വിവിധ തരം മത്സരങ്ങളും ഒരുക്കിയിരുന്നു.മത്സരത്തിൽ വിജയിച്ചവർക്കുള്ള സമ്മാനങ്ങൾ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ വിതരണം ചെയ്തു..

## മെഡിക്കൽ ക്യാമ്പ്

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചു മാർച്ച് 8 ന് ബൽത്തങ്ങാടി ജ്യോതി ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. ക്യാമ്പിന്റെ ആരംഭത്തിൽ തന്നെ വനിതാ ദിനത്തിന്റെസന്ദേശം നൽകി. തുടർന്ന് ബ്രെസ്റ്റ് ക്യാൻസറിനെപ്പറ്റി ബോധവത്കരണവും സ്ക്രീനിങ്ങും നടന്നു. ഡോ.സി.ആൻ ഗ്രേയ്സും ഡോ.സാന്ദ്രയും ക്യാമ്പിന് നേതൃത്വം നൽകി. ശ്രീമതി റീത്ത എബ്രഹാം ബ്രെസ്റ്റ് ക്യാൻസറുമായി ബന്ധപ്പെട്ട് തന്റെ അനുഭവങ്ങൾ പങ്കു വച്ചു. ക്യാമ്പിൽ പങ്കെടുക്കാൻ എത്തിയവരിൽ ഏറ്റവും മുതിർന്ന ഒരാളെ വനിതാദിനത്തോടനുബന്ധിച്ചു ആദരിച്ചു.പങ്കെടുത്ത എല്ലാവർക്കുമായി ചെറിയ സ്നേഹ വിരുന്നും ക്രമീകരിച്ചിരുന്നു.





ജ്യോതി ഹോസ്പിറ്റലിന്റെയും കുത്ത്‌ലൂർ സെന്റ്. ജോസഫ് ചർച്ചിന്റെയും സംയുക്താഭിമുഖ്യത്തിൽ സ്ത്രീകൾക്കായി മാർച്ച് 17 ന് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. ഡോ.സി.ആൻ ഗ്രേസ് തുളു, കന്നഡ ഭാഷയിൽ ക്യാൻസറിനെക്കുറിച്ചുള്ള ബോധവൽക്കരണം നൽകി. സാധാരണക്കാരായ ആ നാട്ടുകാർക്ക് ഇത് കൂടുതൽ മനസിലാക്കുവാൻ സഹായമായി.ഏകദേശം 50 സ്ത്രീകൾ ഇതിൽ പങ്കെടുത്തു.

മാർച് 26 ,27 തീയ്യതികളിലായി ജ്യോതി ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ വിമുക്തി ദയ സ്പെഷ്യൽ സ്കൂളിൽ സൗജന്യ മെഡിക്കൽ ചെക്കപ്പ് നടത്തി. 73 കുട്ടികളുടെ ഹെൽത്ത് ചെക്കപ്പ് ആണ് അന്നേ ദിവസം നടന്നത്.

## മെഗാ ഗ്യാസ്ട്രോ ക്യാമ്പ്

മെയ് 12 ന് ജ്യോതി ഹോസ്പിറ്റലിൽ വച്ച് മെഗാ ഗ്യാസ്ട്രോ ക്യാമ്പ് നടത്തപ്പെട്ടു .ഡോ. നാഗാർജുൻ, ഡോ.അരുൺ, ഡോ.ആൻ ഗ്രേയ്സ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. സ്കാനിങ്, കൺസൽട്ടേഷൻ, എൻഡോസ്കോപ്പി എന്നിവ ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു.60 പേർ ഈ ക്യാമ്പിൽ പങ്കെടുക്കുകയും ഇതിന്റെ ഫലമെടുക്കുകയും ചെയ്തു.




## ലോകരക്തദാന ദിനം

'രക്തദാനം മഹാദാനം' എന്ന് തിരിച്ചറിഞ്ഞു കൊണ്ട് ലോകരക്തദാന ദിനം ഉചിതമായി ആചരിച്ചു. ജൂൺ 14 ന് രക്തദാനം നടത്തി. രക്തദാനം ചെയ്യുന്ന വ്യക്തികളെ ഹോസ്പിറ്റലിൽ വിളിച്ചു ചേർക്കുകയും അവർ ചെയ്യുന്ന ഈ മഹത്ശുശ്രൂഷയെ പരിഗണിച്ചു അവരെ ആദരിക്കുകയും ചെയ്തു.




## ലോകപരിസ്ഥിതി ദിനം



ജ്യോതി ഹോസ്പിറ്റലിന്റെയും കാർണോടി ഗവണ്മെന്റ് സ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു. പ്രകൃതിയെ സംരക്ഷിക്കേണ്ടത് വളരെ ആവശ്യമാണെന്നും അത് ഓരോരുത്തരുടെയും കടമയാണെന്നുമുള്ള അവബോധം ഒരോ കുട്ടിയിലും വളർത്തിയെടുക്കുക എന്നതായിരുന്നു ഈ ആചരണത്തിന്റെ പ്രധാന ലക്ഷ്യം. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സി.മെറിറ്റിന്റെയും സ്കൂൾ പ്രിൻസിപ്പലിന്റെയും നേതൃത്വത്തിൽ സ്കൂൾ അങ്കണത്തിൽ 5 വൃക്ഷ തൈകൾ നട്ടു.

# ആർദ്രം 2024

മാർച്ച് 19, എസ്ഡി യുടെ സ്ഥാപനദിനവും വിശുദ്ധ യൗസേപ്പിതാവിന്റെ മരണതിരുനാളും എസ്ഡി സെന്റ്. ജോസഫ് പ്രൊവിൻഷ്യൽ ഹൗസിൽ "ആർദ്രം 2024" എന്ന പേരിൽ സമുചിതമായി ആഘോഷിച്ചു. എലിക്കുളം, പാലാ, ആലപ്പുഴ, മേവിട എന്നീ സ്ഥാപനങ്ങളിലെ മക്കൾ ഒരുമിച്ചുചേർന്നു. തറവാട്ടു വീട്ടിലെത്തിയ മക്കളെ അമ്മമാർ ആഘോഷമായി സ്വീകരിച്ചു. ഈശ്വരപ്രാർത്ഥനയോടെ കൂട്ടായ്മയ്ക്ക് തുടക്കമായി. പ്രത്യാശാഭവനിലെയും മേഴ്സി ഹോമിലെയും കുഞ്ഞുമക്കളുടെ കലാപരിപാടികൾ ഈ സംഗമത്തിന് മാറ്റ് കൂട്ടി.സി.അർച്ചന, സി.കർമ്മലത എന്നിവർ ക്ളാസ്സുകൾ നയിച്ചു. വിവിധ മത്സരങ്ങളും അവർക്കായി ക്രമീകരിച്ചിരുന്നു. അവരുടെ കലാപരിപാടികളും ഈ സംഗമത്തിന് മിഴിവേകി. വിജയികളായവർക്കും, പങ്കെടുത്ത മറ്റെല്ലാവർക്കും, സ്ഥാപനങ്ങളിലായിരിക്കുന്നവർക്കും സമ്മാനങ്ങൾ നൽകി. വിഭവസമൃദ്ധമായ സ്നേഹവിരുന്നോടെ ഈ സംഗമം സമാപിച്ചു.









mail ID :
socialapostolatecenter@gmail.com

: 9497099240

# റീജണൽ ഡേ



'കർത്താവിനു നന്ദി പറയുവിൻ അവിടുത്തെ കാരുണ്യം അനന്തമാണ്'. വി.തോമ്മാശ്ലീഹായുടെ നാമം സ്വീകരിച്ച് എസ്ഡി സാൻതോം റീജിയൻ, റീജണൽ ഡേ 2024 ജൂലൈ 6, 7 എന്നീ തീയതികളിൽ സാഘോഷം കൊണ്ടാടി. vigil prayer, കുമ്പസാരം, ആഘോഷമായ വി.ബലി എന്നിവ ഈ ദിവസങ്ങളിൽ നടന്നു. ഹൊസൂർ രൂപതയുടെ ചാൻസലർ Rev. Fr. Boby George MST വി. ബലിക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. Rev. Fr. AjoPulickan, Rev.Fr. Payas, Rev. Fr. Thomas V.C, Rev. Fr. Bosco V. C എന്നിവർ സഹകാർമ്മികരായിരുന്നു. പെരുമനം, തണ്ടലം എന്നീ സ്ഥാപനങ്ങളിലെ Boarding കുട്ടികളും, പെരമ്പൂർ അനുഗ്രഹ Special school ലെ കുട്ടികളും, തിരുമുല്ലവയൽ Friends For the Needy ലെ മാനസികാസ്വാസ്ഥ്യം നേരിടുന്ന സഹോദരിമാരുടെ കലാ വിരുന്നും, സാന്നിദ്ധ്യവും റീജണൽ ഡേക്ക് മാറ്റുകൂട്ടി. നമ്മുടെ സ്ഥാപനങ്ങളിലെ കുട്ടികൾ ഇതാദ്യമായിട്ടാണ് റീജണൽ ഡേയിൽ പങ്കെടുക്കുന്നത്. സിസ്റ്റേഴ്സ്, Formation കുട്ടികൾ എന്നിവരുടെ കലാവിരുന്നും മനസ്സിന് ആസ്വാദ്യകരമായിരുന്നു. റീജണൽ സുപ്പീരിയർ സി.ജെയ്സ് തെരേസ് എല്ലാവർക്കും നന്ദിപ്രകാശിപ്പിച്ചു. സ്നേഹത്തിന്റെയും, പങ്കുവയ്ക്കലിന്റെയും ഒരു കൂട്ടായ്മയായിരുന്നു ഈ റീജണൽ ഡേ.





## അറിയിപ്പ്

**എസ്. ഡി. കെയറിൽ ഇടാനുള്ള ഫോട്ടോസും വിവരണവും mail വഴിയോ whatsapp വഴിയോ അയച്ചു തരേണ്ടതാണ്. സ്ഥലസമൂഹങ്ങളിൽ ചെയ്യുന്ന ഓരോ കാര്യവും കൃത്യമായി എഴുതി വയ്ക്കേണ്ടതാണ്.**